# കേരള സർക്കാർ

## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്

**2019 നവംബർ 20 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**

**videos: http://www.clipmail.kerala.gov.in**

**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# PART 2

## ജില്ലാ സ്കൂൾ കലോത്സവം

## നാടകം സമകാലികം

സമകാലിക യാഥാർഥ്യങ്ങൾ പ്രമേയമാക്കി ഗുരുവായൂരിൽ നടക്കുന്ന ജില്ലാ റവന്യൂ കലോത്സവം യു.പി. വിഭാഗം നാടക മത്സരം. നോട്ട് നിരോധനം, പാലാരിവട്ടം പാലം അഴിമതി, പെൺകുട്ടികൾക്കെതിരായ വിവേചനങ്ങൾ, അവയുടെ സാമൂഹ്യ പശ്ചാത്തലം തുടങ്ങി സമകാലിക പ്രസക്തിയുള്ളതും നമ്മുടെ ജീവിതത്തെ വൻതോതിൽ സ്വാധീനിച്ചതുമായ വിഷയങ്ങൾ കലോത്സവ വേദിയിലെ അരങ്ങിലെത്തി. ആകെ എട്ട് നാടകങ്ങളാണ് മത്സരത്തിനുണ്ടായത്.

മണിക്കുട്ടി എന്ന പെൺകുട്ടിയെ കേന്ദ്ര കഥാപാത്രമാക്കിയുള്ള നാടകം പെൺകുട്ടികൾക്കെതിരായി അവരുടെ ജനനം മുതൽ തുടങ്ങുന്ന സാമൂഹിക വിവേചനങ്ങളെ ശക്തമായി ആവിഷ്ക്കരിക്കുകയും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അവരുടെ ആഗ്രഹങ്ങളെ പ്രതിനിധീകരിക്കുകയും ചെയ്തു. ഇതിനാണ് ഒന്നാം സ്ഥാനം.

നോട്ട് നിരോധനം സാധാരണ ജനങ്ങളെ ഏങ്ങിനെ ബാധിച്ചു, നോട്ടുകൾ മാറുന്നതിന് വേണ്ടി ക്യൂ നിന്നും മറ്റും ജനങ്ങൾ എന്തൊക്കെ ദുരിതങ്ങൾ അനുഭവിച്ചു തുടങ്ങിയ വിഷയങ്ങൾ അരങ്ങിലെത്തി.

നിർമ്മിച്ച പാലം ഗുണമേന്മയിലെ കുറവ് മൂലം വളരെ വേഗം ഉപയോഗ ശൂന്യമായതും അതിന് പിന്നിലെ അഴിമതികളും സാധാരണ ജനങ്ങൾ നിസ്സഹായരാകുന്നതും കൊച്ചുകുട്ടികൾ വിഷയമാക്കി. ബഷീർ കഥാപാത്രങ്ങൾ ഉൾപ്പടെ വിവിധ സാഹിത്യകൃതികളെ ഉപജീവിച്ചുള്ള നാടകങ്ങളും കുട്ടികളുടെ അരങ്ങിനെ ഉണർത്തി.

കഥാപാത്രങ്ങളെ തന്മയത്വത്തോടെ കൈകാര്യം ചെയ്യുന്ന അഭിനയമികവ് ആസ്വാദക ശ്രദ്ധ നേടി. ഗുരുവായൂർ ശ്രീകൃഷ്ണ ഹയർ സെക്കണ്ടറി സ്കൂളിലാണ് യു.പി. വിഭാഗം നാടക മത്സരം അരങ്ങേറിയത്.

## യു.പി വിഭാഗം നാടോടി നൃത്തത്തിൽ ഒന്നാമതായി ശ്രേയ

റവന്യു ജില്ലാ സ്കൂൾ കേരള കലോത്സവം നാടോടി നൃത്തം യു പി വിഭാഗം ഒന്നാം സ്ഥാനം ശ്രേയ എസ്. നായറിന്. വടക്കാഞ്ചേരി സെന്റ് പയസ് സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥിനിയാണ് ശ്രേയ. ജി.എച്ച്.എസ്.എസ് പഴയന്നൂർ സ്കൂളിലെ ഇംഗ്ലീഷ് അധ്യാപകനായ സുധീഷ് കുമാറിന്റെ തെയ്യം ആസ്പദമാക്കിയുള്ള 'വിഷകണ്ഠൻ' എന്ന നാടോടി നൃത്തതിനാണ് സമ്മാനം കരസ്ഥമായത്.

## കലോത്സവ നാടകമത്സരത്തിൽ 'മണിക്കുട്ടി' ഒന്നാമത്;

## കലയും കാക്കിയും ജീവിതവഴിയാക്കി എ.എസ്.ഐ. വിനോദ്

നാടകങ്ങൾക്ക് കഥയും തിരക്കഥയും സംവിധാനവും ഒരുക്കി സംസ്ഥാന സ്പെഷ്യൽ ഇന്റലിജൻസ് വിഭാഗം എ.എസ്.ഐയും മുളങ്കുന്നത്തുകാവ് സ്വദേശിയുമായ വിനോദ് കലോത്സവ വേദിയിൽ താരമായി. ഗുരുവായൂർ നടക്കുന്ന തൃശൂർ റവന്യു ജില്ലാ കലോത്സവത്തിൽ എരുമപ്പെട്ടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ കുട്ടികൾക്കായി വിനോദ് എഴുതിയ 'ഒരിടത്തൊരിടത്ത് ഒരു മണിക്കുട്ടി ഉണ്ടായിരുന്നുട്ടാ' എന്ന നാടകത്തിന് ഒന്നാം സ്ഥാനം ലഭിച്ചു.

മാധ്യമപ്രവർത്തകനായ റഷീദ് എരുമപ്പെട്ടിയുടെ മകൾ ഷിഫ്ന ഷെറിൻ റഷീദ് തുടർച്ചയായി രണ്ടാം തവണയും മികച്ച നടിയായി കലോത്സവ വേദി കീഴടക്കി. നാടകത്തിൽ 'മണിക്കുട്ടി' എന്ന കേന്ദ്രകഥാപാത്രത്തെയാണ് ഏഴാം ക്ലാസുകാരി ഷിഫ്ന അവതരിപ്പിച്ചത്. സമൂഹത്തിലെ അന്ധവിശ്വാസത്തിനെതിരെ ശബ്ദമുയർത്തുന്നതാണ് നാടകത്തിന്റെ ഇതിവൃത്തം. പെൺകുട്ടികൾ മാത്രം അഭിനയിച്ചു അരങ്ങിൽ വിസ്മയം തീർത്ത നാടകം എന്നതും ജനശ്രദ്ധ നേടി.

വ്യാഴാഴ്ച ഹയർസെക്കൻഡറി വിഭാഗം നാടകമത്സരത്തിൽ വിനോദ് അവതരിപ്പിക്കുന്ന 'കൗമാരം' എന്ന നാടകം പുതു തലമുറയുടെ തെറ്റായ ബന്ധങ്ങൾക്കുള്ള മുന്നറിയിപ്പ് നൽകുന്ന സന്ദേശമാണ്. 36 വർഷമായി നാടകരംഗത്ത് സജീവമായി വിനോദുണ്ട്. ബാലനടനായിട്ടാണ് നാടക ലോകത്തേക്ക് കടന്ന് വന്നതെങ്കിലും കഥയെഴുതി തിരക്കഥയും സംവിധാനവുമടക്കം ഇപ്പോൾ കൈകാര്യം ചെയ്യുന്നു. 2012ലെ 'റോസിക്ക് പറയാനുള്ളത്' എന്ന നാടകത്തിന് സംസ്ഥാന കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിക്കൊണ്ടാണ് കുട്ടികൾക്ക് നാടകാഭിനയം പഠിപ്പിക്കുന്നതിലേക്ക് തിരിയുന്നത്. പിന്നീട് 2013ൽ 'ഇന്റർനെറ്റിലെ പെൺകുട്ടി' എന്ന നാടകത്തിന് മികച്ച നടിയ്ക്കുള്ള സംസ്ഥാനതല രണ്ടാം സമ്മാനം ലഭിച്ചു.

ഒരു പറ്റം നാടകപ്രേമികളുടെ പിൻബലത്തോടെയാണ് ഇപ്പോഴും സജീവമായി പ്രവർത്തനങ്ങൾ തുടരാൻ സാധിക്കുന്നതെന്ന് വിനോദ് പറയുന്നു. പരിപാടികൾക്ക് നേതൃത്വം നൽകിക്കൊണ്ട് കലാസമിതി ചെയർമാൻ റഷീദ് എരുമപ്പെട്ടി, കൺവീനർ റജീന, അനീഷ്, ഷാനവാസ്, അമൽ, കലാസംവിധായകൻ അനിൽ തുടങ്ങി ഒരുപറ്റം ചെറുപ്പക്കാരുടെ സ്വപ്ന സാക്ഷാത്കാരം കൂടിയാണ് ഓരോ അരങ്ങും. പ്രതിഫലേച്ഛയില്ലാതെ സംതൃപ്തിയ്ക്ക് വേണ്ടി മാത്രമാണിവർ കുട്ടികളിലൂടെ നാടകങ്ങൾ അരങ്ങത്ത് എത്തിക്കുന്നത്. കഥകളിലൂടെ നല്ല സന്ദേശങ്ങൾ മാത്രമേ പുറംലോകത്തെത്തുന്നൊള്ളൂ എന്ന ഉറപ്പിൽ ഒരു വിട്ടുവീഴ്ചയും ഇല്ലെന്ന് ഇവരുറപ്പിച്ചു പറയുന്നു. പലതരം വിഷയങ്ങളിലൂടെ സമൂഹത്തിലേക്കുള്ള ബോധവത്കരണമാണ് വിനോദിന്റെ ലക്ഷ്യം.

ഫോട്ടോ:

1. എരുമപ്പെട്ടി ഗവ. ഹയർസെക്കൻഡറി സ്കൂളിലെ നാടകം അവതരിപ്പിച്ച വിദ്യാർത്ഥികളും അണിയറപ്രവർത്തകരും

2. മണിക്കുട്ടിയായി അഭിനയിച്ചു കലോത്സവം യു.പി വിഭാഗം നാടക മത്സരത്തിൽ മികച്ച നടിയായി സമ്മാനം നേടിയ ഷിഫ്ന റഷീദ്

3. വിനോദ്

# മത്സരിച്ച മൂന്ന് ഇനങ്ങളിലും ഒന്നാം സ്ഥാനവുമായി ശിവദ ഗോവിന്ദ്

മത്സരിച്ച മൂന്ന് ഇനങ്ങളിലും ഒന്നാം സ്ഥാനത്തോടെ ജില്ലാ സ്കൂൾ കലോത്സവം യു.പി. വിഭാഗത്തിൽ മികവുറ്റ പ്രകടനവുമായി തൃശൂർ വിവേകോദയം ഗേൾസ് ഹൈസ്കൂൾ ഏഴാം ക്ലാസ് വിദ്യാർഥിനി ശിവദ ഗോവിന്ദ് കെ.എൻ. സംസ്കൃത വിഭാഗത്തിൽ കഥാകഥനം, ഗദ്യപരായണം എന്നിവയിലും സംഘനൃത്തത്തിലുമാണ് ശിവദ ജില്ലാതലത്തിൽ എ ഗ്രേഡോടെ ഒന്നാമതെത്തിയത്. സംഘനൃത്തത്തിൽ അവതരിപ്പിച്ച കറുത്തമ്മ എന്ന കഥാപാത്രം കലോത്സവ വേദിയിൽ മികച്ച പ്രതികരണമാണ് സൃഷ്ടിച്ചത്. കഥാകഥനത്തിൽ ശിബി ചക്രവർത്തിയാണ് ഇതിവൃത്തമായത്.

സംസ്കൃത ഭാഷയിലും സാഹിത്യത്തിലുമുള്ള താൽപ്പര്യം ഈ മിടുക്കിയെ കലോത്സവ വേദികളിലെ മിന്നുന്ന പ്രകടനത്തിന് കരുത്തു നൽകുകയാണ്. 2017 ൽ 5ാം തരം വിദ്യാർത്ഥിനിയായിരിക്കുമ്പോഴാണ് ശിവദ ജില്ലാതലത്തിൽ ആദ്യമായി മത്സരിക്കാനെത്തിയത്. അന്ന് സംസ്കൃതം കഥാകഥനത്തിൽ എ ഗ്രേഡ് നേടിയിരുന്നു. മാതാപിതാക്കളുടെയും അധ്യാപകരുടെയും പ്രോത്സാഹനമാണ് തന്റെ കരുത്തെന്ന് പറയുന്നു ഈ വിദ്യാർഥിനി. നൃത്തം, അഭിനയം എന്നിവയിലും തൽപ്പരയായ വരദയ്ക്ക് ഡോക്ടർ ആകാനാണ് ആഗ്രഹം. തൃശൂർ കരമുക്ക് ഭഗവതി ക്ഷേത്രത്തിലെ മേൽശാന്തി ഗോവിന്ദൻ നമ്പൂതിരി, വേലൂർ ആർഎസ്ആർവിഎച്ച്എസ്എസ് അധ്യാപിക ദീപ ഗോവിന്ദ് ദമ്പതികളുടെ മകളായ വരദ പൂങ്കുന്നം വെസ്റ്റ് പാർക്ക് അപ്പാർട്ട്മെന്റിലാണ് താമസം. കാസർകോഡ് കാഞ്ഞങ്ങാട് നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിലും മികവുറ്റ പ്രകടനം നടത്താൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് ശിവദ.

(അടിക്കുറിപ്പ്: ശിവദ ഗോവിന്ദ്, കഥാകഥന മത്സരത്തിൽ നിന്ന്.)

# നിറങ്ങൾ തീർത്ത നേട്ടവുമായി ഹേമന്ദ്

തൃശ്ശൂർ റവന്യൂ ജില്ലാ കലോൽസവത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ചിത്രരചന (പെൻസിൽ ഡ്രോയിംഗ്), ജലച്ചായം, എണ്ണച്ചായം എന്നീ മൂന്നിനങ്ങളിലും എ ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി ടി. എസ്. ഹേമന്ദ്.

തൃശ്ശൂർ സെന്റ് തോമസ് തോപ്പ് ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് ടു ഹ്യുമാനിറ്റീസ് വിദ്യാർത്ഥിയാണ് ഹേമന്ദ്. നിറങ്ങളോടും ചിത്രങ്ങളോടുമുള്ള അടങ്ങാത്ത ഇഷ്ടം സംസ്ഥാന കലോത്സവങ്ങളിൽ ചിത്രരചനയിൽ സമ്മാനം നേടിയ ചേട്ടൻ ശരത്തിൽ നിന്നാണ് കിട്ടിയത്. ഭാവിയിൽ ഫൈൻ ആർട്സ് എടുക്കണമെന്നും ആർട്ടിസ്റ്റ് ആകണമെന്നുമാണ് ആഗ്രഹമെന്ന് ഹേമന്ദ് പറയുന്നു. തൃശൂർ മാടക്കത്തറ തൃപ്രയാറ്റ് തെക്കൂട്ട് വീട്ടിൽ സന്തോഷിന്റെയും ധന്യയുടെയും മകനാണ്.

----------------------------------------------------------------------------------------------------

# ബാലസൗഹൃദ പദ്ധതിക്ക് ഊന്നൽ നൽകി

# മുളംകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്

ബാലസൗഹൃദ പദ്ധതിക്ക് ഊന്നൽ നൽകി മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്. സംസ്ഥാനത്തെ എല്ലാ ജില്ലകളും ബാലസൗഹൃദമാക്കുക എന്ന പദ്ധതിയുടെ ഭാഗമായാണ് പഞ്ചായത്ത് കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നത്. ജില്ലാ സ്പോർട്സ് കൗൺസിൽ പരിശീലകന്റെ സഹായത്തോടെ പഞ്ചായത്തിലെ 18 വയസ്സ് വരെയുള്ള പെൺകുട്ടികൾക്ക് നൽകുന്ന ത്വയ്കാണ്ടോ പരിശീലനം ഇതിൽ ഏറെ ആകർഷണീയത പുലർത്തുന്നു.

ഇതിനു പുറമെ ഫുട്ബാൾ, ചെസ് പരിശീലനവും നൽകി വരുന്നു. കുടുംബശ്രീയുടെ സഹകരണത്തോടെ കുട്ടികൾക്കായി ബാലസഭ എല്ലാ ആഴ്ചയിലും സംഘടിപ്പിക്കുന്നു. അംഗൻവാടികൾ വഴി കൗമാര നൈപുണ്യ വിദ്യാഭ്യാസ പരിപാടിയും, കൗമാര ക്ലബ് പ്രവർത്തനങ്ങളും നടത്തി വരുന്നു. പഞ്ചായത്ത് പരിധിയിലെ 33 അംഗൻവാടി കളിലും പെൺകുട്ടികൾക്കായി കൗമാര സംഗമം സംഘടിപ്പിച്ചു വരുന്നു. ആൺകുട്ടികൾ ക്കായുള്ള കൗമാര സംഗമം ഉടൻ നടത്തും.

കുട്ടികൾക്ക് ചിത്രകലാ പരിശീലനവും നൽകുന്നു. ഇതിനു പുറമെ അർഹരായ കുട്ടികൾക്കുള്ള പഠനോപകരണ വിതരണവും നടത്തി വരുന്നു. പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തിയാണ് കുട്ടികളുടെ ഉന്നമനത്തിനായുള്ള ഈ പ്രവർത്തനങ്ങൾ. ഓരോ വർഷവും ഫണ്ടിന്റെ അഞ്ച് ശത മാനമാണ് ബാല സൗഹൃദ പ്രവർത്തനങ്ങൾക്കായി മാറ്റിവെക്കുന്നത്. ലഹരിയുടെ ദോഷഫലങ്ങളെ കുറിച്ച് ബോധ വത്ക്കരണം നടത്താൻ നടത്താനായി ലഹരി വിമുക്ത ക്ലാസുകളും സംഘടിപ്പിച്ചു വരുന്നതായി മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി പറഞ്ഞു

# ബാലാവകാശ ദിനാഘോഷം: കുട്ടിസഭ സംഘടിപ്പിച്ചു

വനിത ശിശു വികസന വകുപ്പ്-ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ബാലാവകാശ ദിനത്തോടനുബന്ധിച്ച് ജില്ലയിലെ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്കായി 'കുട്ടിസഭ' സംഘടിച്ചു. തൃശൂർ ജവഹർ ബാലഭവനിൽ നടന്ന ചടങ്ങിൽ കുട്ടികൾ വിശിഷ്ടാ തിഥികളുമായി സംവദിച്ചു. കുട്ടികളുടെ സംരക്ഷണവും ഉന്നമനവുമായി ബന്ധപ്പെട്ട് പ്രവർത്തി ക്കുന്നവർ സംവാദത്തിൽ പങ്കെടുത്തു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ഡോ. എം.പി. ആന്റണി, ജില്ലാ ശിശു ക്ഷേമ സമിതി ചെയർമാൻ ഡോ. കെ.ജി. വിശ്വനാഥൻ,

ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങളായ അഡ്വ. ടി.വി.രാജു, അഡ്വ. ഇമ മോഹൻദാസ്, ജില്ലാ മാനസിക ആരോഗ്യ കേന്ദ്രം സീനിയർ കൺസൽട്ടൻറ് ഡോ. സുബ്രഹ്മണ്യൻ, എക്സൈസ് ഇൻസ് പെക്ടർ രാമചന്ദ്രൻ, ചൈൽഡ്‌ലൈൻ കോർഡിനേറ്റർ, അരുൺ ഗോവിന്ദ്, ജില്ലാ ശിശു സംരക്ഷണ ഓഫീസർ മഞ്ജു.പി.ജി എന്നിവർ കുട്ടികളുമായി സംവദിച്ചു. ജില്ലയിലെ 60 ഓളം സ്ഥാപനങ്ങളിൽ നിന്നുമായി 150 കുട്ടികൾ പങ്കെടുത്തു. ജില്ലാ ശിശു ക്ഷേമ സമിതി അംഗം ഡോ. ബാസ്പിൻ കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി. ഡോക്യുമെൻററി പ്രദർശനവും നടന്നു.

അടിക്കുറിപ്പ്: ബാലാവകാശ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച കുട്ടിസഭയിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ഡോ. എം.പി. ആന്റണി സംസാരിക്കുന്നു.

## ലോക പൈതൃക വാരം: മുസിരിസ്

## പൈതൃകപദ്ധതിയുടെ സൈക്കിൾ റാലി 23ന്

യുനെസ്കോയുടെ നേതൃത്വത്തിൽ നടക്കുന്ന ലോക പൈതൃക വാരത്തോടനുബന്ധിച്ച് മുസിരിസ് പദ്ധതി പ്രദേശത്ത് സൈക്കിൾ റാലി സംഘടിപ്പിക്കുന്നു. നവംബർ 23 ന് രാവിലെ എട്ടു മണിക്ക് കോട്ടപ്പുറം മുസിരിസ് ലേക്ഷോറിൽ നിന്നും വിവിധ സൈക്ലിംഗ് സംഘടനകളുടെ സഹകരണത്തോടെയാണ് റാലി ആരംഭിക്കുക. അഡ്വ. വി ആർ സുനിൽകുമാർ എം എൽ എ ഫ്ളാഗ് ഓഫ് ചെയ്യും. നൂറിലധികം സൈക്ലിംഗ് താരങ്ങൾ പങ്കെടുക്കുന്ന യാത്ര തീരദേശ മേഖല വഴി ഫോർട്ട് കൊച്ചി, അർത്തുങ്കൽ എന്നീ പ്രദേശങ്ങളിലൂടെ ആലപ്പുഴ ബീച്ചിൽ എത്തും. ആലപ്പുഴയിൽ ധനകാര്യമന്ത്രി തോമസ് ഐസക്, അഡ്വ എം എം ആരിഫ് എം.പി എന്നിവർ താരങ്ങളെ സ്വീകരിക്കും. 24നു രാവിലെ എട്ടിന് ആലപ്പുഴയിൽ നിന്ന് തിരിക്കുന്ന റാലി വൈകീട്ട് കോട്ടപ്പുറത്ത് അവസാനിക്കും. ഈ മാസം 25 വരെയാണ് വാരാഘോഷം സംഘടിപ്പിക്കുന്നത്.

## കുന്നംകുളം നഗര വികസനത്തിന് കിഫ്ബി പദ്ധതിയിൽ 172 കോടി

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കുന്നംകുളം നഗര വികസനം യാഥാർത്ഥ്യമാക്കുന്നതിന് 172 കോടി രൂപ ചെലവഴിക്കും. നഗരത്തിലെ ജങ്ഷൻ നവീകരണവും അനുബന്ധ റോഡുകളുടെ വികസ നവുമാണ് പ്രധാനം. കുന്നംകുളം മത്സ്യമാർക്കറ്റിനു സമീപത്തു നിന്നും പട്ടാമ്പി റോഡിലേക്കുള്ള ബൈപ്പാസ് റോഡിന്റെ നിർമാണത്തിന് മാത്രം 72 കോടി രൂപ ചെലവഴിക്കും.

നഗരവികസനവുമായി ബന്ധപ്പെട്ട് ജങ്ഷൻ വികസിപ്പിക്കും. നഗരത്തിലെ ഏറ്റവും ഇടുങ്ങിയ പട്ടാമ്പി റോഡിലെ കുപ്പിക്കഴുത്ത് പൊളിച്ചുമാറ്റി റോഡ് വീതികൂട്ടും. പട്ടാമ്പി റോഡ് ഉൾപ്പെടെ നഗരത്തിലെ അഞ്ച് റോഡുകളുടെ വികസനവും നടക്കും. റോഡുകളുടെ വീതികൂട്ടൽ, മികച്ച രീതിയിലുള്ള ടാറിങ് എന്നിവയാണ് ഇതിന്റെ ഭാഗമായി നടത്തുക. റോഡുവികസനത്തിനായി കൂടുതൽ സ്ഥലം വേണമെന്നിരിക്കെ നിലവിലുള്ള വ്യാപാര സ്ഥാപനങ്ങളെ റോഡരികിൽ നിന്ന് മാറ്റി ഉചിതമായ സ്ഥലത്തേക്ക് പുനരധിവസിപ്പിക്കുകയും ചെയ്യും. പ്രവർത്തനങ്ങൾക്കുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ട് സർപ്പിച്ചു കഴിഞ്ഞതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചു. രണ്ടു ഘട്ടങ്ങളിലായാണ് പ്രവർത്തനങ്ങൾ നടത്തുക. ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പു എ സി മൊയ്തീന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ തല യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയും നിർമാണ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

## സൗരോർജ്ജ പവർ പ്ലാന്റ്

## സ്ഥാപിക്കുന്നതിന് അപേക്ഷിക്കാം

പ്രളയ ബാധിതമായി കാണാറുള്ള പ്രദേശങ്ങളിലെ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. നിർദിഷ്ട കേന്ദ്രങ്ങൾ ശുപാർശ ചെയ്തു കൊണ്ടുള്ള സ്ഥാപന/ വകുപ്പ് മേധാവികളുടെ അപേക്ഷ www.anert.gov.in. എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ആയി നവംബർ 30 നകം സമർപ്പിക്കണം. ഭൂമി ശാസ്ത്രപരമായ പഠനത്തിന്റെയും ശാസ്ത്രീയമായ വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മുൻഗണന ലിസ്റ്റ് പ്രകാരമായിരിക്കും പദ്ധതിയുടെ അനുമതി നൽകുക. ഫോൺ: 0471 2338077, 2333124.

## മസ്റ്ററിങ് ക്യാമ്പ്

പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കുള്ള മസ്റ്ററിങ് ക്യാമ്പ് നടത്തുന്നു. ഗുണഭോക്താക്കൾ ആധാർകാർഡുമായി നേരിട്ട് എത്തണം. തീയതി, സ്ഥലം, വാർഡ് യഥാക്രമം. നവംബർ 23, 26, 28-പ്രതീക്ഷ സാർക് ഇൻഡോർ സ്റ്റേഡിയം-വാർഡ് 1, 2, 13, 14, 15. നവം. 30, ഡിസംബർ 3, 5-പെരിഞ്ഞനം കമ്മ്യൂണിറ്റി ഹാൾ-വാർഡ് 3, 4, 5, 11, 12. ഡിസംബർ 7, 10, 12-കോവിലകം എസ്എൻഡിപി ഹാൾ-വാർഡ് 6, 7, 8, 9, 10.

## മസ്റ്ററിങ്:

## അപേക്ഷ ഡിസംബർ ഒൻപതിനകം നൽകണം

ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങികൊണ്ടിരിക്കുന്നവരിൽ കിടപ്പ് രോഗികളായ പെൻഷൻ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അക്ഷയകേന്ദ്രം പ്രതിനിധി വീട്ടിൽ മസ്റ്റർ ചെയ്യുന്നതിലേക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ഡിസംബർ ഒൻപതിനകം അപേക്ഷ നൽകണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0497 2706133.

## പെരിഞ്ഞനത്ത് 'കൂർക്ക ഗ്രാമം' പദ്ധതി

പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ 'കൂർക്ക ഗ്രാമം' പദ്ധതി ആരംഭിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് കൂർക്ക വിത്ത് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. 695 പേരാണ് പദ്ധതിയിലേക്ക് അപേക്ഷിച്ചത്. 1.300 ഗ്രാം തൂക്കംവരുന്ന കൂർക്ക വിത്താണ് വിതരണം ചെയ്തത്. ഇതോടൊപ്പം മറ്റിനം പച്ചക്കറിതൈകളും നൽകി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 375 പേർക്ക് വെണ്ട, വഴുതന, തക്കാളി, പച്ചമുളക്, പയർ എന്നീ പച്ചക്കറി തൈകളും വിതരണം ചെയ്തിരുന്നു. ഒരു ലക്ഷം രൂപയാണ് പദ്ധതിക്കായി പഞ്ചായത്ത് ചിലവഴിച്ചത്. പെരിഞ്ഞനം കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് കെ കെ സച്ചിത്ത് വിതരണോദ്ഘാടനം നിർവ്വഹിച്ചു. വാർഡ് മെമ്പർ സായിദ മുത്തുക്കോയ അധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർ ഡോ.വി.ആർ.അനിൽകുമാർ പദ്ധതി വിശദീകരിച്ചു. പഞ്ചായത്തംഗങ്ങളായ ബിന്ദു ലോഹിതാക്ഷൻ, കവിത സജീവൻ, ഡോ.ഹർഷകുമാർ എന്നിവർ സംസാരിച്ചു.

## ചേർപ്പ് ഗ്രാമപഞ്ചായത്തിൽ സ്നേഹിത കണ്ടെത്തിയത്

## ഒറ്റപ്പെട്ട് പോയ 36 പേരെ

സ്നേഹിത കാളിങ്ബെൽ പദ്ധതിയിലൂടെ ചേർപ്പ് ഗ്രാമപഞ്ചായത്തിൽ കണ്ടെത്തിയത് ഒറ്റപ്പെട്ടുപോയ 36 പേരെ. ഈ പദ്ധതിയുടെ വാരാചരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിലൂടെയും ഭവന സന്ദർശനങ്ങളിലൂടെയുമാണ് പല സാഹചര്യങ്ങളിൽ ഒറ്റപ്പെട്ടുപോയവരെ കണ്ടെത്തിയത്. ചേർപ്പിൽ ഇതിന്റെ ഭാഗമായി എം.പി. ടി.എൻ പ്രതാപനും, എം.എൽ.എ ഗീതാ ഗോപിയും ഭവന സന്ദർശനം നടത്തി. ഭർത്താവ് മരിച്ച, മക്കളില്ലാത്ത, പ്രായാധിക്യം മൂലം കഷ്ടപ്പെടുന്ന ക്രാമ്പിൽ വള്ളിയമ്മയെയാണ് എം.പി സന്ദർശിച്ചത്. അഞ്ചാം വാർഡിൽ ഒരു വീട്ടിൽ ഒറ്റക്ക് കഴിയുന്ന സഹോദരിമാരായ കളരിക്കൽ ശാരദ, ശാന്ത എന്നിവരെയാണ് എം.എൽ.എ സന്ദർശിച്ചത്.

ഒറ്റപ്പെട്ടുകഴിയുന്നവർക്ക് സുരക്ഷയും മാനസിക പിന്തുണയും നൽകുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ മിഷൻ സംസ്ഥാന വ്യാപകമായി നടത്തുന്ന പദ്ധതിയാണിത്. ഇതിൽ ജില്ലയിൽ 5039 പേർ ഒറ്റപ്പെട്ട് കഴിയുന്നു എന്ന് കണ്ടെത്തിയിരുന്നു. മക്കൾ വിദേശത്തുള്ളവരും ജീവിത സാഹചര്യങ്ങൾ മെച്ചമുള്ളവരും മോശമായവരും ഈ കൂട്ടത്തിലുണ്ട്. ആരും ഒറ്റയ്ക്കല്ല, സമൂഹം കൂടെയുണ്ട് എന്ന ഉറപ്പാണ് ഈ പദ്ധതിയിലൂടെ നൽകുന്നത്. ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളാണ് ഇവരിൽ പലരും. ചേർപ്പ് ഗ്രാമോദ്ധാരണം വി.എച്ച്.എസ് സ്കൂളിൽ വെച്ച് ഇവർക്കായി സൗജന്യ മെഡിക്കൽക്യാമ്പും സംഘടിപ്പിച്ചു. ജില്ലാ സഹകരണ ആശുപത്രിയുടെ സഹകരണത്തോടെ നടത്തിയ ക്യാമ്പിൽ സൗജന്യ മരുന്നുവിതരണം നടത്തി.

## ജില്ലാ കേരളോത്സവം 2019 : സ്വാഗതസംഘം

## ഓഫീസ് ഉദ്ഘാടനം 25 ന്

തൃശൂരിൽ നടക്കുന്ന ജില്ലാ കേരളോത്സവത്തിന്റെ സ്വാഗത സംഘം ഓഫീസിന്റെ ഉദ്ഘാടനം നവംബർ 25ന് ഉച്ച രണ്ടു മണിക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവഹിക്കും. ജില്ലാ പഞ്ചായത്ത്വൈസ് പ്രസിഡന്റ് എൻ കെ ഉദയപ്രകാശ് അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് ഓഫീസിൽ തന്നെയാണ് സ്വാഗത സംഘം ഓഫീസ് പ്രവർത്തിക്കുക. ഡിസംബർ അഞ്ചു മുതൽ എട്ടു വരെയാണ് ജില്ലാ കേരളോത്സവം നടക്കുക. വിവേകോദയം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മോഡൽ ബോയ്സ് സ്കൂൾ, മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, ഗവ ബി എഡ് ട്രെയിനിംഗ് കോളേജ്, ഗവ എഞ്ചിനീയറിംഗ് കോളേജ്, ഇൻഡോർ സ്റ്റേഡിയം, അക്വാറ്റിക്സ്, ബാനർജി ക്ലബ്, എന്നിവയാണ് പ്രധാന വേദികൾ. മുൻസിപ്പാലിറ്റി. കോർപ്പറേഷൻ, ബ്ലോക്ക്, തല വിജയികളാണ് ജില്ലാ കേരളോത്സവത്തിന്റെ ഭാഗമാവുക. ഡിസംബർ 5 ന് രചനാമത്സരങ്ങളോടെ കലോത്സവത്തിനു തുടക്കമാവും.

## നീർത്തട സംരക്ഷണ മാസ്റ്റർ പ്ലാൻ സർക്കാരിനു സമർപ്പിക്കും : ഡി പി സി

ഹരിതകേരളം മിഷന്റെ ഭാഗമായി ജില്ലയിൽ തയ്യാറാക്കിയ നീർത്തട സംരക്ഷണ മാസ്റ്റർ പ്ലാൻ സർക്കാരിനു സമർപ്പിക്കാൻ ഡിപിസി യോഗത്തിൽ തീരുമാനം. ഇതിനായി ഗ്രാമപഞ്ചായത്ത്, നഗര

സഭകൾ, കോർപ്പറേഷൻ തലത്തിലാണ് സാങ്കേതിക സമിതികൾ രൂപീകരിച്ച് നീർത്തട മാസ്റ്റർ പ്ലാനുകൾ ആവിഷ്കരിച്ചിട്ടുള്ളത്. ഇതേവരെ ജില്ലയിലെ 12 ബ്ലോക്കുപഞ്ചായത്തുകളുടേയും ആറ് നഗരസഭകളുടേയും തൃശൂർ കോർപ്പറേഷന്റേയും മാസ്റ്റർ പ്ലാനുകളാണ് തയ്യാറാക്കിയിട്ടുള്ളത്. ബാക്കിയുള്ളവ ഉടൻ തയ്യാറാക്കി ഡിപിസിക്കു സമർപ്പിക്കാനാണ് ജലസേചന വകുപ്പിന്റെ തീരുമാനം.

ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ ബ്ലോക്ക് തലത്തിൽ ക്രോഡീകരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരത്തോടെയാണ് ഡിപിസിയ്ക്കു മുൻപാകെ സമർപ്പിച്ചിട്ടുള്ളത്. തൃശൂർ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ കൺവീനറായ സമിതിയാണ് ഇതു തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിണർ നിർമാണം, കിണർ പുനരുദ്ധാരണം, തോട് നിർമാണം, തോട് പാർശ്വഭിത്തി നിർമാണം, സംരക്ഷണം, കുളം നിർമാണം, പാർശ്വഭിത്തി കെട്ടൽ, തടയണ നിർമാണം, കുടിവെള്ള പദ്ധതികൾ എന്നിവ നടപ്പാക്കും. ഗ്രാമപഞ്ചായത്തുകൾ കൂടാതെ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, ജല അതോറിറ്റി, മണ്ണ് സംരക്ഷണം, കെ എൽ ഡി സി, സോഷ്യൽ ഫോറസ്ട്രി, കൃഷി വകുപ്പ് എന്നിവയെ ഇതിൽ പങ്കാളികളാക്കാനാണ് പദ്ധതിയെന്ന് ഡിപിസി ചെയർപേഴ്സനും ജില്ലാപഞ്ചായത്ത് പ്രസിഡന്റുമായ മേരിതോമസ് പറഞ്ഞു.

ജില്ലയിൽ ജലരക്ഷ - ജീവരക്ഷ പദ്ധതി പ്രകാരം 18,09,25,000 രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കും. തളിർ ബാലസൗഹൃദ ജില്ല പദ്ധതി വിപുലപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും യോഗം തീരുമാനിച്ചു. സർക്കാർ നോമിനി എം എൻ സുധാകരൻ, ജില്ലാ പ്ലാനിങ് ഓഫീസർ ടി ആർ മായ, ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയപ്രകാശൻ, സ്ഥിരം സമിതി അംഗം ജെന്നി ജോസഫ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.